**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5270** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെയും മിനിവ്യവസായ യൂണിറ്റുകളുടെയും നവീകരണത്തിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നില്ല. തൃശ്ശൂർ ജില്ലാ മിനി വ്യവസായ സഹകരണ സംഘത്തിന്റെ കീഴിൽ ചാവക്കാട് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിച്ചു വരുന്നു. സംഘത്തിന്റെ ഉടമസ്ഥയിലുള്ള ഷെഡ്ഡുകളിൽ അറ്റകുറ്റപ്പണികൾ ചെയ്തു നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്. പ്രവർത്തന വിപുലീകരണം, വൈവിധ്യവത്കരണം, ആധുനികവത്കരണം തുടങ്ങിയവയ്ക്ക് ആവശ്യ മായ പദ്ധതിരേഖ തയാറാക്കി നൽകുക, വായ്പ ലഭ്യമാക്കുക, അർഹമായ സബ്സിഡി അനുവദിച്ച് നൽകുക തുടങ്ങിയവ വകുപ്പ് മുഖാന്തിരം നൽകിവരുന്നുണ്ട്. |
| (ബി) | വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ; ഏതെല്ലാം വ്യവസായ എസ്റ്റേറ്റുകൾക്ക് സ്ഥലപരിമിതി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ അഭാവം മൂലം, ബഹുനില വ്യവസായ സമുച്ചയം എന്ന ആശയം സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ആയതിന്റെ ഭാഗമായി തൃശ്ശൂർ പുഴയ്ക്കൽപ്പാടം വ്യവസായ എസ്റ്റേറ്റ്, ആലപ്പുഴ ജില്ലയിലെ അരൂർ വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിലായി മൂന്ന് ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ എസ്റ്റേറ്റിലെ ബഹുനില വ്യവസായ സമുച്ചയം പൂർത്തിയാക്കി സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ